കാറ്റഗറിയിലേയ്ക്ക് (ഡി യിൽ നിന്നും സി യി ലേക്കും സിയിൽ നിന്നും ബിയിലേക്കും ബിയിൽനിന്നുംഎ യിലേക്കും) നിശ്ചയിച്ചിരിക്കുന്ന നിലയിൽ എത്തുന്നു എങ്കിൽ സംഘത്തെ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതും ജീവനക്കാർക്ക് പ്രസ്തുത കാറ്റഗറിയിലുള്ള നിരക്കിൽ വേതനം പുതുക്കി നൽകാവുന്നതുമാണ്. ഏതെങ്കിലും സംഘത്തിന്റെ ഉൽപ്പാദനം മൂന്ന് വർഷം തുടർച്ചയായി കുറഞ്ഞ് താഴ്ന്ന കാറ്റഗറിയിലേക്ക് (എയിൽ നിന്നും ബി യിലേക്കും ബിയിൽ നിന്നും സിയിലേക്കും സിയിൽ നിന്നും ഡിയിലേക്കും) കുറയുന്നു എങ്കിൽ ജീവനക്കാരുടെ വേതനവും താഴ്ന്ന കാറ്റഗറിയിൽ നിർണ്ണയിക്കുന്നതുമാണ്.

കയർ തൊഴിലാളികൾക്ക് ക്ഷേമനിധി

220 (7181) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച സംഘങ്ങൾ എത്രയാണെന്നും അറിയിക്കാമോ ; പ്രസ്തുത സംഘങ്ങൾക്ക് നല്കിയ പ്രവർത്തന മൂലധനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംഘങ്ങളിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നു എന്നറിയിക്കുമോ ;

(സി) പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രപേർക്ക് എന്നറിയിക്കുമോ ;

(ഡി) ക്ഷേമനിധിയിൽ അംഗത്വമില്ലാത്ത തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നൽകിയ തൊഴിൽദിനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കയർ മേഖലയിൽ 484 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 210 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു വരുന്നതേയുള്ളൂ. ഇതിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള കായംകുളം കയർ പ്രോജക്ട് ഓഫീസിന് കീഴിലെ 2 സംഘങ്ങളിലായി 72 തൊഴിലാളികൾ ജോലി ചെയ്യുന്നു.

(സി) പ്രസ്തുത സംഘങ്ങളിലെ 87 തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ 150 കോടിയോളം തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

കയർ മേഖലയിലെ തൊഴിലാളികളുടെ എണ്ണം

221 (7192) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏതായാലും കയർ മേഖലയിൽ ഏകദേശം 3.75 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായും ഇതിൽ അമ്പത് ശതമാനത്തോളം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നതായും കണക്കാക്കപ്പെടുന്നു.

കയർ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ

222 (7193) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വികസന വകുപ്പിനുകീഴിൽ സംയോജിത കയർവ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഏതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതുവരെ എവിടെയെല്ലാം എത്ര വീതം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സംഘങ്ങൾക്ക് എന്തുസഹായമാണ് സർക്കാർ നൽകുന്നത് ;

(ഇ) കയർപിരി മേഖലയിൽ കൂടുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രോജക്ട് ഓഫീസിൽ അനുമതി നൽകാതിരിക്കുന്നത് സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ എന്നറിയിക്കുമോ ?

ഉത്തരം

(എ) കയറുമായി ബന്ധപ്പെട്ട തൊണ്ടു സംഭരണം, കയറും കയറുൽപന്നങ്ങളുടെയും നിർമ്മാണം, വിപണനം തുടങ്ങിയകാര്യങ്ങൾ ലക്ഷ്യമിട്ടു കൊണ്ടാണ് സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly